ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1143

# സൂറ – 40 / ഗാഫിർ

## സൂക്തം: 1 – 3

ഈ വേദസൂക്തങ്ങൾ ഉണ്മയുടെ സത്യങ്ങൾ പ്രകാശിപ്പിക്കുന്നവയാണ്. അവ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലാണ് മർത്യജന്മത്തിന്റെ സാക്ഷാത്കാരമിരിക്കുന്നത്. നിങ്ങൾ അതിൽ വിശ്വസിക്കുകയും അതിന്റെ വാഹകനായ പ്രവാചകനെ അനുകരിക്കുകയും ചെയ്യണം. അവിവേകത്താൽ നേരത്തേ പാപപങ്കിലമായ ജീവിതം നയിക്കുകയും ദൈവദൂതനെയും ദൈവിക സൂക്തങ്ങളെയും തള്ളിപ്പറയുകയും അതിക്രമിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ നിരാശപ്പെടേണ്ടതില്ല.

## ആമുഖം

സൂറക്ക് രണ്ടു പേരുണ്ട്. ഒന്ന്, ഗാഫിർ (غافر). മൂന്നാം സൂക്തത്തിൽ വന്നിട്ടുള്ള പദം എന്നതല്ലാതെ ഈ നാമകരണത്തിന് മറ്റു ന്യായങ്ങൾ ഉന്നയിക്കപ്പെടുന്നില്ല. രണ്ട്, അൽ മുഅ്മിൻ (المؤمن). 28-ാം സൂക്തം മുതൽ 45-ാം സൂക്തം വരെ, ഫറവോൻ വംശത്തിലെ ഒരു സത്യവിശ്വാസിയുടെ ചരിത്രം പറയുന്നുവെന്നതാണീ നാമകരണത്തിന്റെ സാംഗത്യം. രണ്ടു പേരുകളിലും സൂറ പ്രസിദ്ധമാണ്. *സൂറതുത്ത്വൗൽ* (سورة الطّول) എന്ന് മൂന്നാമതൊരു പേരു കൂടി പറയപ്പെടുന്നുണ്ടെങ്കിലും അതത്ര പ്രസിദ്ധമല്ല.

സൂറ മുഴുവൻ മക്കയിൽ അവതരിച്ചതാണ്. 55-56 സൂക്തങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് ഒരഭിപ്രായം ഉദ്ധരിക്കപ്പെടുന്നുണ്ടെങ്കിലും അത് പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടില്ല. മുസ്ഹഫിൽ 40-ാമത്തേതായി ചേർത്തിട്ടുള്ള 'ഗാഫിർ' അവതരണ ക്രമമനുസരിച്ച് 60-ാം സൂറയാണ്. സൂറ *അസ്സുമറി*നു ശേഷം *ഫുസ്സിലത്തി*ന് മുമ്പാണ് ഇതിന്റെ അവതരണമെന്ന് കണക്കാക്കപ്പെടുന്നു. ഹിജ്റക്ക് മൂന്ന് വർഷം മുമ്പ് അബൂത്വാലിബിന്റെ മരണത്തിനു തൊട്ടുടനെ ഈ സൂക്തം പാരായണം ചെയ്യപ്പെട്ടിരുന്നതായി നിവേദനമുണ്ട്. പ്രവാചകനും വിശ്വാസികളും മക്കയിൽ കൊടിയ പീഡനങ്ങൾക്ക് വിധേയരായിരുന്ന ഒരു ദശാസന്ധിയിലാണ് സൂറയുടെ അവതരണമെന്ന് ഉള്ളടക്കത്തിൽനിന്ന് മനസ്സിലാക്കാം. അബൂത്വാലിബിന്റെ നിര്യാണശേഷം പ്രവാചകനെയും വിശ്വാസികളെയും അക്രമിക്കുന്നതിൽ ഖുറൈശീ മുശ്രിക്കുകൾ പൂർവാധികം വീര്യം കാട്ടിയ ഘട്ടമായിരുന്നു അത്.

മറ്റു മക്കീ സൂറകളെപ്പോലെ ഈ സൂറയുടെയും മുഖ്യ ഉള്ളടക്കം അടിസ്ഥാന വിശ്വാസ സത്യങ്ങളുടെ സ്ഥിരീകരണവും അതു നിഷേധിക്കുന്നതിന്റെ ദോഷങ്ങളുമാണ്. ഈ സത്യങ്ങൾ പഠിപ്പിക്കുന്ന ഗ്രന്ഥം എന്ന നിലയിൽ വിശുദ്ധ ഖുർആനിന്റെ മഹത്വവും ആധികാരികതയും ദൈവികതയും പരാമർശിച്ചുകൊണ്ടാണ് മുമ്പത്തെ രണ്ടു സൂറകൾ പോലെ ഈ സൂറയും ആരംഭിക്കുന്നത്. തുടർന്ന് ഖുർആനിന്റെ ദൈവിക ഉറവിടത്തെയും അതിലെ സൂക്തങ്ങൾ ഉൾക്കൊള്ളുന്ന തത്ത്വങ്ങളെയും വിമർശിച്ചുകൊണ്ട് കുതർക്കങ്ങളുന്നയിക്കുന്നവരെക്കുറിച്ചു പറയുന്നു. സത്യവിരോധവും അഹന്തയും,

തങ്ങളെപ്പോലൊരാൾക്കു ദൈവം വേദമിറക്കിക്കൊടുത്ത് ആദരിക്കുന്നതിലുള്ള അസൂയയുമാണ് ഈ തർക്കങ്ങളുടെയെല്ലാം പ്രേരകം. ദൈവിക സൂക്തങ്ങളെക്കുറിച്ച് തർക്കിക്കുന്നവരെ ഈ സൂറ അഞ്ചിടത്ത് ആവർത്തിച്ചു പരാമർശിക്കുന്നുണ്ട്. പൂർവ പ്രവാചകന്മാരെ നിഷേധിച്ച ധിക്കാരികളുടേതുതന്നെയാണ് മുഹമ്മദ് നബിയെയും ഖുർആനിനെയും എതിർക്കുന്നവരുടെയും നിലപാട്. ആ നിലപാട് അവരുടെ നാശത്തിനുള്ളതാണ്. മൂസാ പ്രവാചകനെ തള്ളിപ്പറഞ്ഞ ഫറവോനികളുടെ ഗതി ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു. അതിന്റെ ഭാഗമായി ഫറവോനികളിലെ ഒരു സത്യവിശ്വാസിയുടെ ഉപദേശങ്ങൾ ഉദ്ധരിക്കുന്നു. മുഹമ്മദീയ സന്ദേശവുമായി ഏറെ സാദൃശ്യമുള്ളതാണ് ആ ഉപദേശം. അല്ലാഹുവിന്റെ കലർപ്പില്ലാത്ത ഏകത്വവും അവനല്ലാത്തവരെ ദൈവമായി കരുതുന്നതിന്റെ അർഥശൂന്യതയുമാണ് അതിന്റെ കാതലായ അംശം. മൂസാ നബിയെ വധിക്കാനാഗ്രഹിക്കുന്ന ഫറവോനെ ഈ വിശ്വാസി രൂക്ഷമായി താക്കീതു ചെയ്യുന്നുണ്ട്.

മനുഷ്യർക്ക് അല്ലാഹു അരുളിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ, അതിന്റെ പേരിൽ മനുഷ്യർ അവനോട് നന്ദിയുള്ളവരായിരിക്കേണ്ടതിന്റെ ആവശ്യകത, ഉയിർത്തെഴുന്നേൽപിന്റെ സാധ്യതക്കുള്ള തെളിവുകൾ, വിചാരണാ നാളിൽ ഓരോ വ്യക്തിയും ഒറ്റക്ക് അല്ലാഹുവിന്റെ മുമ്പിൽ തന്റെ ഭൗതിക ജീവിതത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന മുന്നറിയിപ്പ്, പ്രവാചകന്റെ ജീവിതകാലത്തും മരണാനന്തരവും അല്ലാഹു ഈ ദീനിനു നൽകാനിരിക്കുന്ന മഹാവിജയങ്ങളുടെ സുവിശേഷം, സത്യവിശ്വാസികൾക്കുവേണ്ടി അല്ലാഹുവിന്റെ സമീപസ്ഥരായ മലക്കുകൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് തുടങ്ങിയ അനേകം കാര്യങ്ങൾ ഈ സൂറ അവിടവിടെയായി പരാമർശിക്കുന്നു.

മുൻ സൂറയും ഈ സൂറയും തമ്മിൽ രണ്ടു ചേർച്ചകൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു: 1) രണ്ടു സൂറകളും തുടങ്ങുന്നത് ഖുർആനിന്റെ മഹത്വം പരാമർശിച്ചുകൊണ്ടാണ്: കഴിഞ്ഞ സൂറ تَنزِيلُ الْكِتَابِ مِنَ اللَّهِ الْعَزِيزِ الْحَكِيمِ എന്നും ഈ സൂറ تَنزِيلُ الْكِتَابِ مِنَ اللَّهِ الْعَزِيزِ الْعَلِيمِ എന്നും. 2) കഴിഞ്ഞ സൂറ അവസാനിക്കുന്നത് സത്യനിഷേധികളുടെ നിർഭാഗ്യങ്ങളും സത്യവിശ്വാസികളുടെ സൗഭാഗ്യങ്ങളും പരാമർശിച്ചുകൊണ്ടാണ്. ഈ സൂറ ആരംഭിക്കുന്നത് സത്യനിഷേധികൾ സത്യവിശ്വാസം കൈക്കൊള്ളുകയാണെങ്കിൽ അവരുടെ പൂർവകാല പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുമെന്ന് ഉണർത്തിക്കൊണ്ടാണ്. 3) രണ്ടു സൂറകളും, ഉയിർത്തെഴുന്നേൽപിന്റെയും വിചാരണാ സഭയുടെയും ഭീകരതകളും വിഹ്വലതകളും വർണിക്കുന്നു.

നബി(സ) പ്രസ്താവിച്ചതായി ദൈലമിയും അബുശ്ശൈഖും ഉദ്ധരിക്കുന്ന ഒരു നിവേദനം ഈ സൂറയുടെ ശ്രേഷ്ഠതയെ സൂചിപ്പിക്കുന്നു: 'ഹാ-മീം എന്നു തുടങ്ങുന്ന സൂറകൾ (الحواميم) ഖുർആനിന്റെ അലങ്കാരങ്ങളാണ്.' പ്രവാചകൻ പ്രസ്താവിച്ചതായി തിർമിദി ഉദ്ധരിക്കുന്ന മറ്റൊരു നിവേദനത്തിൽ പറയുന്നു: 'ആയത്തുൽ കുർസിയും *അൽമുഅ്മിൻ* സൂറയുടെ പ്രാരംഭ സൂക്തങ്ങളും (إليه المصير വരെ) പാരായണം ചെയ്തവൻ ആ ദിവസത്തെ സകല ദുഷ്ടുകളിൽനിന്നും സുരക്ഷിതനാകുന്നു.' ●

## സൂറ - ഗാഫിർ

**സൂക്തം: 1-3**

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

حمٓ ۝١

1. ഹാ-മീം

'നേരത്തേ പല സൂറകളുടെയും തുടക്കത്തിൽ ഇതുപോലുള്ള ഒറ്റ അക്ഷരങ്ങൾ വന്നിട്ടുള്ളതാണല്ലോ. അവയെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ ഈ അക്ഷരങ്ങളെക്കുറിച്ചും സാധുവാകുന്നു. പ്രത്യേകിച്ചു പറയാനുള്ളത് ഇതാണ്: ഖുർആനിൽ ഹാ-മീം കൊണ്ടു തുടങ്ങുന്ന ഏഴു സൂറകളുണ്ട്. അവയിൽ ഒന്നാമത്തേതാണ് *ഗാഫിർ*. ഈ ഏഴു സൂറകളും തുടർച്ചയായിട്ടാണ് മുസ്ഹഫിൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. ഏഴും മക്കീ സൂറകളുമാകുന്നു. ഹാ-മീമിനെ ഒരു നാമപദമായി സങ്കൽപിച്ച് അതിന് ഹവാമീം (حواميم) എന്ന് ബഹുവചനമുണ്ടായിട്ടുണ്ട്. ഹാ-മീം എന്നു തുടങ്ങുന്ന ഏഴു സൂറകളാണ് ഹവാമീം. ഈ സപ്ത സൂറകളെ ആലു ഹാമീം - آل حم എന്നും പറയാറുണ്ട്. ഹാമീം കുടുംബം എന്നർഥം. മുഖവുരയിൽ ഉദ്ധരിച്ച നബിവചനത്തിൽ ഹവാമീം ഖുർആന്റെ അലങ്കാരങ്ങളാണ് എന്ന് തർജമ ചെയ്തിട്ടുള്ളതിന്റെ അറബിമൂലം الحواميم ديباج القرآن എന്നാണ്. ديباج-ന് മുഖവുര, പട്ടുടുപ്പ്, വദനകാന്തി എന്നിങ്ങനെയും അർഥമുണ്ട്. ഈ വർണനകളും സൂറകൾക്കു ചേരുന്നതാണ്. ഹാ-മീം അല്ലാഹുവിന്റെ പേരുകളിലൊന്നാകാമെന്ന് ഒരു അഭിപ്രായമുണ്ടെങ്കിലും അത് പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടില്ല. ●

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡعَلِيمِ ﴿٢﴾

غَافِرِ ٱلذَّنۢبِ وَقَابِلِ ٱلتَّوۡبِ شَدِيدِ ٱلۡعِقَابِ ذِي ٱلطَّوۡلِۖ لَآ إِلَٰهَ إِلَّا هُوَۖ إِلَيۡهِ ٱلۡمَصِيرُ ﴿٣﴾

2. ഈ വേദം അവതരിക്കുന്നത് അജയ്യനും സർവജ്ഞനുമായ അല്ലാഹുവിൽനിന്നാകുന്നു.

3. പാപം പൊറുക്കുന്നവനും തൗബ സ്വീകരിക്കുന്നവനും കഠിന ദണ്ഡകനും സർവശക്തിക്കുടയവനുമായവനിൽനിന്ന്. അവനല്ലാതെ ദൈവമേതുമില്ല. സകലതും അന്തിമമായി അവങ്കലേക്കു തന്നെ ചെന്നു ചേരേണ്ടതാകുന്നു.

**2,3**

تَنزِيلُ الْكِتَابِ = ഈ വേദ(ം അവതരിക്കുന്നത്)ത്തിന്റെ ഇറക്കൽ

مِنَ اللَّهِ الْعَزِيزِ الْعَلِيمِ = അജയ്യനും സർവജ്ഞനുമായ അല്ലാഹുവിൽനിന്നാകുന്നു

غَافِرِ الذَّنبِ = പാപം പൊറുക്കുന്നവൻ وَقَابِلِ التَّوْبِ = പശ്ചാത്താപം (തൗബ) സ്വീകരിക്കുന്നവനും

شَدِيدِ الْعِقَابِ = കഠിന ദണ്ഡകനും ذِي الطَّوْلِ = (എല്ലാ) കഴിവുകൾക്കും ഉടയവനും, അനുഗ്രഹമുടയവനും

لَا إِلَٰهَ إِلَّا هُوَ = അവനല്ലാതെ ദൈവമേതുമില്ല إِلَيْهِ = അവങ്കലേക്കു തന്നെയാകുന്നു

الْمَصِيرُ = മടക്കം (സകലതും അന്തിമമായി ചെന്നു ചേരേണ്ടത്)

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ, ഖുറൈശീ മുശ്‌രിക്കുകൾ പ്രവാചകന്നും ശിഷ്യന്മാർക്കുമെതിരെയുള്ള ശാരീരികവും മാനസികവുമായ പീഡനത്തിന് ആക്കം കൂട്ടിയ കാലത്താണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്. മാനസിക പീഡനത്തിന്റെ സ്വഭാവം ഇതായിരുന്നു: മുഹമ്മദിന് ഭ്രാന്താണ്. നാട്ടിലെ കുറേ മണ്ടന്മാരാണ് അയാളുടെ ശിഷ്യന്മാരായിരിക്കുന്നത്. തന്റെ ഭ്രാന്തൻ ജൽപനങ്ങളാണ് അയാൾ ദൈവവചനങ്ങളെന്ന പേരിൽ പാടിനടക്കുന്ന ശ്ലോകങ്ങൾ. ഇത് അയാൾ കെട്ടിച്ചമച്ചതല്ലെങ്കിൽ മറ്റാരോ പഠിപ്പിച്ചു വിടുന്നതാണ്. ഇയാൾ മന്ത്രവാദിയാണ്. ആഭിചാര മന്ത്രങ്ങൾ ചൊല്ലി ആളുകളെ വശീകരിക്കുകയാണിയാൾ. ഈ ശ്ലോകങ്ങളിൽ പറയുന്നതോ, പ്രപിതാക്കളുടെ കാലം മുതലേ നമ്മൾ ആരാധിച്ചുവരുന്ന ദൈവങ്ങളൊക്കെ കേവലം മിഥ്യയാണെന്ന്. പ്രപഞ്ചത്തിന് ആകെ ഒരൊറ്റ ദൈവം മാത്രമേയുള്ളൂവത്രെ. എന്തൊരു പുതുമ! ഇയാൾ അവിടെയും നിൽക്കുന്നില്ല. ഈ ലോകം ഒരുനാൾ അവസാനിക്കുമത്രെ. പിന്നെ നമ്മളും നമ്മുടെ പൂർവികരുമൊക്കെ മറുലോകത്ത് ഉയിർത്തെഴുന്നേൽക്കുകയും വിചാരണ ചെയ്യപ്പെടുകയും രക്ഷാശിക്ഷകൾ വിധിക്കപ്പെടുകയും ചെയ്യുമത്രെ. മുഹമ്മദിനെയും ഖുർആനിനെയും നിഷേധിക്കുന്ന വിശിഷ്ട ഗോത്രമായ നമ്മളും നമ്മുടെ മഹാന്മാരായ നേതാക്കളും പ്രപിതാക്കളുമെല്ലാം നരകത്തിൽ പോകും. മുഹമ്മദിലും അയാളുടെ ഖുർആനിലും വിശ്വസിക്കുകയും അതിൽ പറയുന്ന നിയമങ്ങളനുസരിച്ച് ജീവിക്കുകയും ചെയ്തവർ മാത്രം സ്വർഗത്തിലും! തലക്കു വെളിവുള്ളവർക്ക് അംഗീകരിക്കാൻ കഴിയുന്നതാണോ ഇത്തരം വാദങ്ങൾ? എന്നാൽ താൻ പറയുന്ന ഏകനായ അല്ലാഹുവിനെ ഈ ഭൂമിയിലേക്കിറക്കിക്കൊണ്ടു വന്ന് ഞങ്ങൾക്കൊന്ന് കാണിച്ചു താ, അല്ലെങ്കിൽ നീ ഓതുന്ന ഖുർആൻ വാനലോകത്തുനിന്ന് നിന്നിലേക്കിറങ്ങിവരുന്നത് കാണിച്ചു താ, അതുമല്ലെങ്കിൽ നീ ദൈവദൂതനാണെന്ന് മലക്കുകൾ ഇറങ്ങിവന്ന് ഞങ്ങളോട് സാക്ഷിപറയട്ടെ എന്ന് ആവശ്യപ്പെട്ടാൽ അതിനൊന്നും അയാളും ശിഷ്യന്മാരും തയാറുമല്ല. ഇയാളും ദൈവവുമായി ഒരു ബന്ധവുമില്ലെന്നതിനു വേറെ തെളിവ് ആവശ്യമുണ്ടോ? ഇയാൾ പ്രചരിപ്പിക്കുന്നത് സ്വയം നിർമിച്ച മതമാണെന്നുറപ്പ്. നമ്മുടെയെല്ലാം നേതാവും അധികാരിയുമായി വാഴുകയാണയാളുടെ ലക്ഷ്യം. അയാളെയും ഖുർആനിനെയും അംഗീകരിക്കുന്നത് മഹാ വിഡ്ഢിത്തവും അവിവേകവുമായിരിക്കും. അത് ഇബ്റാഹീം പ്രവാചകന്റെ പിന്മുറക്കാരും അദ്ദേഹം സ്ഥാപിച്ച കഅ്ബാലയത്തിന്റെ പരിപാലകരും എന്ന നിലക്കുള്ള നമ്മുടെ അഭിമാനവും അന്തസ്സും തകർത്തുകളയും. നാം മറ്റു ഗോത്രങ്ങളുടെ കടന്നാക്രമണങ്ങൾക്കിരയാകും.... ഇങ്ങനെ പോകുന്നു അവരുടെ തർക്കങ്ങൾ. ഈ പശ്ചാത്തലത്തിൽ അവരോടു പറയുകയാണ്:


ജനങ്ങളേ, ഈ ഖുർആൻ മുഹമ്മദ് നബി(സ)യുടെ ഭാവനയിൽനിന്ന്, അല്ലെങ്കിൽ മറ്റാരുടെയെങ്കിലും ഭാവനയിൽനിന്നു വിരിഞ്ഞിറങ്ങുന്ന ശ്ലോകങ്ങളല്ല. ഇത് അല്ലാഹുവിങ്കൽനിന്ന്- സാക്ഷാൽ ദൈവത്തിങ്കൽനിന്ന്- അവതീർണമായതാകുന്നു. മനുഷ്യർക്കോ മറ്റു സൃഷ്ടികൾക്കോ ഇതുപോലുള്ള സൂക്തങ്ങൾ രചിക്കാൻ കഴിയില്ല. ഇത് അവതരിപ്പിച്ച അല്ലാഹു അജയ്യനാകുന്നു. അവന്റെ വചനങ്ങളും അജയ്യമാണെന്നറിയുക. അവനെ അതിജയിക്കാൻ ആർക്കും കഴിയാത്തതുപോലെ ഈ വചനങ്ങളെ അതിജയിക്കാനും ആർക്കും കഴിയില്ല. അജയ്യനായ അല്ലാഹുവിങ്കൽനിന്നുള്ള സൂക്തങ്ങളാകുന്നു വചനങ്ങളിൽ ഏറ്റവും ദൃഢവും സത്യവും സുവ്യക്തവുമായ വചനങ്ങൾ. ഇതവതരിപ്പിച്ച അല്ലാഹു അജയ്യശക്തൻ മാത്രമല്ല സർവജ്ഞനുമാകുന്നു. അജ്ഞതകൾക്കും അബദ്ധങ്ങൾക്കും അതീതനാണവൻ. കൃത്യവും വ്യക്തവുമായ അറിവുകളാണ് അവൻ ഉദീരണം ചെയ്യുന്നത്. കഴിഞ്ഞ സൂറ(الزمر)യുടെ തുടക്കം تَنزِيلُ الْكِتَابِ مِنَ اللَّهِ الْعَزِيزِ الْحَكِيمِ എന്നാണ്. ഇവിടത്തെ الْعَلِيمِ-നു പകരമാണ് അവിടെ الْحَكِيمِ ഉപയോഗിച്ചിരിക്കുന്നത്. രണ്ടിന്റെയും അർഥം ഒന്നുതന്നെയാണെങ്കിലും

ധ്വനിയിൽ അൽപം വ്യത്യാസമുണ്ട്. കാര്യത്തിന്റെ ആന്തരാർഥവും അടിസ്ഥാന തത്ത്വവും പ്രയോഗ വശവും സൂക്ഷ്മമായി അറിയുന്നവനാണ് حكيم. എല്ലാ കാര്യങ്ങളും വിപുലമായും വിശാലമായും അറിയുന്നവനാണ് عليم. അല്ലാഹു عليم-ഉം حكيم-ഉം ആകുന്നു. സകല കാര്യങ്ങളുടെയും രഹസ്യമായ പൊരുളുകളും അടിസ്ഥാന തത്ത്വങ്ങളും പ്രയോഗവശങ്ങളും സമഗ്രമായും സുവിശാലമായും അറിവുള്ള അല്ലാഹുവിങ്കൽനിന്നാണീ വേദാവതരണമെന്നാണ് ഈ രണ്ടു വിശേഷണങ്ങളും ചേരുമ്പോൾ ആശയം. വേദത്തിന്റെ ആധികാരികതയെയും മഹത്ത്വത്തെയുമാണത് പ്രകാശിപ്പിക്കുന്നത്.

ഈ വേദസൂക്തങ്ങൾ ഉണ്മയുടെ സത്യങ്ങൾ പ്രകാശിപ്പിക്കുന്നവയാണ്. അവ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലാണ് മർത്യജന്മത്തിന്റെ സാക്ഷാത്കാരമിരിക്കുന്നത്. നിങ്ങൾ അതിൽ വിശ്വസിക്കുകയും അതിന്റെ വാഹകനായ പ്രവാചകനെ അനുകരിക്കുകയും ചെയ്യണം. അവിവേകത്താൽ നേരത്തേ പാപപങ്കിലമായ ജീവിതം നയിക്കുകയും ദൈവദൂതനെയും ദൈവിക സൂക്തങ്ങളെയും തള്ളിപ്പറയുകയും അതിക്രമിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ നിരാശപ്പെടേണ്ടതില്ല. നിങ്ങളുടെ സ്രഷ്ടാവായ അല്ലാഹു കരുണാമയനും സൃഷ്ടികളുടെ തെറ്റുകുറ്റങ്ങളെല്ലാം ഉദാരമായി പൊറുക്കുന്നവനുമാകുന്നു. അതിന് കുറ്റം സമ്മതിക്കുകയും അതിൽനിന്ന് പിന്മാറുകയും അല്ലാഹുവിനോടു മാപ്പിരക്കുകയും ചെയ്താൽ മതിയാകും. غَفَرَ (പൊറുത്തു)-യുടെ കർതൃവചനമാണ് غافر. ഇതിന് غفور എന്നും غفّار എന്നും കൂടി കർതൃവചനമുണ്ട്. ഏറ്റവുമധികം പൊറുക്കുന്നവൻ, ഉദാരമായി പൊറുത്തുകൊടുക്കുന്നവൻ എന്ന അർഥത്തിലാണവ ഉപയോഗിക്കുന്നത്. *അസ്സുമർ* 53-ാം സൂക്തത്തിൽ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًاۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ (തീർച്ചയായും അല്ലാഹു സകല പാപങ്ങളും പൊറുത്തുകൊടുക്കുന്നു. ഉദാരമായി പൊറുത്തു കൊടുക്കുന്ന പരമകാരുണികൻ തന്നെയാണവൻ) എന്ന് പ്രസ്താവിച്ചിരിക്കുന്നു. പാപഹാരിയുടെ വിശദീകരണമാണ് قابل التوبة. പാപവൃത്തികളിലൂടെ തന്നിൽനിന്ന് അകന്നുപോയ ദാസന്മാർ സത്യവിശ്വാസത്തിലൂടെയും സൽക്കർമത്തിലൂടെയും തന്നിലേക്ക് തിരിച്ചുവരുമ്പോൾ ഹാർദമായി സ്വീകരിക്കുന്നവനുമാണവൻ. توبة-യുടെ ഭാഷാർഥം മടക്കമാണ്. ഇസ്‌ലാമിന്റെ സാങ്കേതികമായ അർഥത്തിൽ പാപങ്ങളിൽ ആത്മാർഥമായി പശ്ചാത്തപിച്ച് സന്മാർഗിക ജീവിതത്തിലേക്കു മടങ്ങൽ. അത് ചെകുത്താനിൽനിന്ന് അല്ലാഹുവിലേക്കുള്ള മടക്കമാണ്. അങ്ങനെ മടങ്ങിവരുന്നവരെ അവൻ ഇരുകരങ്ങളും നീട്ടി സ്വീകരിക്കുന്നു. അവൻ അടിമകൾക്ക് മാപ്പുകൊടുക്കുന്നതും അവർ തന്നിലേക്കു വരുമ്പോൾ ഉദാരമായി സ്വാഗതം ചെയ്യുന്നതും അവരെക്കൊണ്ട് അവന് എന്തെങ്കിലും നേട്ടമുണ്ടാക്കാനല്ല. ശിക്ഷാനടപടിയെടുക്കാൻ കഴിവില്ലാത്തതുകൊണ്ടുമല്ല. മറിച്ച് അവരോടുള്ള ദയ കൊണ്ടും കരുണ കൊണ്ടുമാണ്. യഥാർഥത്തിൽ ശിക്ഷയർഹിക്കുന്നവരെ കൊടൂരമായി ശിക്ഷിക്കുന്നവൻ തന്നെയാണവൻ. അതിനുള്ള എല്ലാ കഴിവുകളും അവന്നുണ്ട്. الطَّوْلِ സമ്പന്നൻ, സ്വയംപര്യാപ്തൻ, ഉദാരൻ, അനുഗ്രഹദാതാവ് എന്നീ ആശയങ്ങൾ വഹിക്കുന്ന പദമാണ്. നിരുപാധികമായ ശക്തി, കഴിവ് എന്ന ആശയത്തിലും പ്രയോഗിക്കും. ഈ അർഥമാണ് ഇവിടെ പ്രസക്തം.

അവന്റെ ശക്തിയെയോ അധികാരത്തെയോ ചോദ്യം ചെയ്യാൻ ആരുമില്ല. കാരണം അവൻ സാക്ഷാൽ സത്യദൈവമാകുന്നു. അവനെ നിയന്ത്രിക്കാനോ ദുർബലനാക്കാനോ പ്രബലനാക്കാനോ കഴിവുള്ള ഒരു ദൈവവും വേറെയില്ല. അവൻ വിധിക്കുന്ന രക്ഷാശിക്ഷകൾ തടയുന്നവരായും ആരുമില്ല. ദുഷ്ടരും ശിഷ്ടരുമെല്ലാം ഒടുവിൽ ചെന്നെത്തേണ്ടത് അവന്റെ സന്നിധിയിൽ തന്നെയാണ്; ആളുകൾ ആരാധിച്ചുകൊണ്ടിരിക്കുന്ന സാങ്കൽപിക ദൈവങ്ങളുടെയോ വിഗ്രഹങ്ങളുടെയോ സന്നിധാനങ്ങളിലല്ല. അവന്റെ സന്നിധിയിലേക്കു വരാതെ ഒളിച്ചോടാൻ ആർക്കുമാവില്ല. അവനിൽനിന്ന് യാതൊരാളെയും ഒളിപ്പിക്കാൻ കഴിയുന്നവരുമില്ല ആരും. അവന്റെ സന്നിധിയിലെത്തുമ്പോൾ എല്ലാവർക്കും ബോധ്യമാകും, ഈ ദൈവദൂതനും വേദവും പറഞ്ഞതെല്ലാം തികഞ്ഞ സത്യമായിരുന്നുവെന്ന്. ●


**പുറത്തിറങ്ങി**




ജീവിതത്തിന്റെ അവസാന നിമിഷം വരെ പഠനത്തിലും ചിന്തയിലും കഴിച്ചുകൂട്ടിയ പണ്ഡിതനും ചിന്തകനുമായിരുന്നു ടി.കെ. അബ്ദുല്ല. തന്റെ അവസാന കാലത്തെ അത്തരം പഠനത്തിന്റെയും ചിന്തയുടെയും സാരാംശമാണ് ഈ കൃതി. ഖുർആനെക്കുറിച്ചുള്ള ആലോചനകളും മുസ്‌ലിം സമുദായത്തെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും കുറിച്ച തന്റേതായ നിരീക്ഷണങ്ങളും ആത്മകഥാംശവും ചേർന്ന ഒരു പുസ്തകം. ഭാഷയും അവതരണവും വശ്യമനോഹരവും ആകർഷകവും. പണ്ഡിതനായ എം.വി. മുഹമ്മദ് സലീം മൗലവിയുടെ അവതാരിക.

ഖുർആൻ സമുദായം പ്രസ്ഥാനം
എന്റെ ബോധ്യങ്ങൾ

**ടി.കെ. അബ്ദുല്ല**

₹ 230
**ഇപ്പോൾ: ₹ 185**
പോസ്റ്റൽ ചാർജ് പുറമെ

**IPH BOOKS**
WP NO: 9544299877 iphbooks.com
I.P.H. Kozhikode - 0495-2720072, 2724618
I.P.H. Palakkad -0491- 2528010, 9744754390
I.P.H. Thiruvananthapuram - 0471-2337355
I.P.H. Eranakulam -0484-2369784
I.P.H. Kannur -0497-2701001
I.P.H. Malappuram -0483-2735445
I.P.H. Thrissur -0487-2427356
Pratheeksha Books, Kozhikode- 0495-2720092